പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.15 05.03.2012 - ലെ മറുപടിയ്ക്ക്

ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികളുടെ തീർപ്പാക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ശശി | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് ഇതുവരെ ചെലവഴിച്ച തുക ജില്ലതിരിച്ച് വ്യക്തമാക്കുമോ ; | (എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) ഓരോ ജില്ലയിലും ഏതൊക്കെ വകുപ്പുകളുമായി ബന്ധപ്പെട്ട എത്ര അപേക്ഷകൾ വീതം ലഭിച്ചു എന്നും സാമ്പത്തിക സഹായം അഭ്യർത്ഥിച്ച് എത്ര അപേക്ഷകൾ ലഭിച്ചു എന്നും എത്ര തുക വിതരണം ചെയ്തു എന്നും അറിയിക്കുമോ ; | (ബി) വിവരം ശേഖരിച്ചുവരുന്നു. |
| (സി) ഇത്തരം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ സംസ്ഥാന-ജില്ലാ-പഞ്ചായത്ത് തല ഉദ്യോഗസ്ഥ/ജനകീയ സംവിധാനങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) റിവ്യൂ മീറ്റിങ്ങുകൾ നടത്തി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (ഡി) ജനസമ്പർക്ക പരിപാടിയിലെ അപേക്ഷകൾ എല്ലാം തീർപ്പാക്കിയാൽ വീണ്ടും ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ജനങ്ങളുടെ ആവശ്യങ്ങൾ ജനസമ്പർക്ക പരിപാടിയിലെ പോലെ ത്വരിതഗതിയിൽ പരിഹരിക്കപ്പെടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) റിവ്യൂ മീറ്റിങ്ങുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ജില്ല | തുക (രൂപ) |
|---|---|
| തിരുവനന്തപുരം | 181107 |
| കൊല്ലം | 2230594 |
| പത്തനംതിട്ട | 19.48 ലക്ഷം |
| ആലപ്പുഴ | 5361672 |
| കോട്ടയം | 4842510 |
| ഇടുക്കി | 137500 |
| എറണാകുളം | 456942 |
| തൃശ്ശൂർ | വിവരം ശേഖരിച്ചുവരുന്നു |
| പാലക്കാട് | വിവരം ശേഖരിച്ചുവരുന്നു |
| മലപ്പുറം | 2297578 |
| കോഴിക്കോട് | 2574190 |
| വയനാട് | 1611938 |
| കണ്ണൂർ | 5710250 |
| കാസർഗോഡ് | 274050 |

സെക്ഷൻ ഓഫീസർ